LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പള്ളിക്കുളം - ചിറമനേങ്ങാട് തങ്കമണി സെന്റർ റോഡ് വീതികൂട്ടി വീഡാറിംഗ് ചെയ്യുന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റൽ, കോൺട്രാക്ടർ സൈറ്റിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. റോഡ് വീതികൂട്ടുവാൻ ഇപ്പോൾ നിലവിലുള്ള വൈദ്യുതിക്കാലുകൾ മാറ്റിസ്ഥാപിക്കേണ്ടുന്നതിനാൽ കെ.എസ്.ഇ.ബി.-യിൽ ടി നടപടികൾക്ക് ആവശ്യമായ തുക ഒടുക്കുവാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ ഏടുത്ത തീയതി - 14-12-2014-ലെ ഇ-ടെണ്ടർ 62/14-15

എഗ്രിമെന്റ് വച്ച തീയതി-5-3-2015-ലെ എഗ്രിമെന്റ് നമ്പർ 213(എ) ഇഇ/ എൽ.എസ്.ജി.ഡി./14-15

(സി) എഗ്രിമെന്റ് പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലാവധി. വൈദ്യുതിക്കാലുകൾ മാറ്റുവാൻ കാലതാമസം വരുന്നതിനാൽ 2 മാസംകൂടി കാലാവധി ദീർഘിപ്പിച്ച് നവംബർ 2015-ൽ പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

മാലിന്യവിമുക്ത കേരളം

169 (5522) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യ മുക്തമാക്കാനായി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ; ഇതിനായി ഓരോ വർഷവും നീക്കിവച്ച തുകയെത്രയാണ് ; ഓരോ വർഷവും ലഭിച്ച കേന്ദ്ര സഹായം എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും വിദേശസഹായമോ മറ്റ് സഹായങ്ങളോ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തുക എത്രയാണ് ; മാലിന്യവിമുക്ത കേരളത്തിനായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണ് ?

ഉത്തരം

(എ) മാലിന്യമുക്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 2011 മുതൽ 2015 വരെയുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	നടത്തിയ പ്രവർത്തനങ്ങൾ
(1)	(2)
2011-12	1. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 2. പൊതു പ്ലാന്റുകളുടെ സ്ഥാപിക്കലും നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണത്തിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 3. പൊതുയിടങ്ങളിൽ വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനം സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 4. മഴക്കാല പൂർവ്വ ശുചീകരണത്തിന് സഹായം. 5. മൊബൈൽ ഇൻസിനറേറ്റർ. 6. ആധുനിക അറവുശാലകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 7. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. 8. സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തിക സഹായവും. 9. നിർമ്മൽ ഭാരത് അഭിയാൻ (നിലവിൽ സ്വച്ഛ് ഭാരത് മിഷൻ) (ഗ്രാമീൺ) പദ്ധതി പ്രകാരം സാനിട്ടേഷൻ മാലിന്യ സംസ്കരണ സഹായം. 10. കേരളത്തിൽ ജലാശയങ്ങൾ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്ന കക്കൂസുകളുടെ മാലിന്യം സംസ്കരിക്കുന്നതിനായി ഒരു സംസ്കരണ സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നഗരത്തിലെ സീവേജ് സംസ്കരിക്കുന്ന പ്ലാന്റിൽ തന്നെ സെപ്റ്റേജ് സംസ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് മുട്ടത്തറയിലും കൊച്ചിയിൽ ഇളംകുളത്തും ഇതിനുള്ള നടപടികൾ കൈക്കൊണ്ടു. 11. സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ നഗരപ്രദേശങ്ങളിലടക്കം പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾ ഫ്രെണ്ട്ലി ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് അംഗീകാരം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
2012-13	1. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 2. പൊതു പ്ലാന്റുകളുടെ സ്ഥാപിക്കലും നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണത്തിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 3. പൊതുയിടങ്ങളിൽ വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനം സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 4. മഴക്കാല പൂർവ്വ ശുചീകരണത്തിന് സഹായം. 5. മൊബൈൽ ഇൻസിനറേറ്റർ. 6. ആധുനിക അറവുശാലകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 7. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. 8. സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തിക സഹായവും. 9. നിർമ്മൽ ഭാരത് അഭിയാൻ (നിലവിൽ സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ) പദ്ധതി പ്രകാരം സാനിട്ടേഷൻ മാലിന്യ സംസ്കരണ സഹായം. 10. കേരളത്തിൽ ജലാശയങ്ങൾ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്ന കക്കൂസുകളുടെ മാലിന്യം സംസ്കരിക്കുന്നതിനായി ഒരു സംസ്കരണ സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നഗരത്തിലെ സ്വീവേജ് സംസ്കരിക്കുന്ന പ്ലാന്റിൽ തന്നെ സെപ്റ്റേജ് സംസ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് മുട്ടത്തറയിലും കൊച്ചിയിൽ ഇളംകുളത്തും ഇതിനുള്ള നടപടികൾ കൈക്കൊണ്ടു. 11. സ്ത്രീ സൗഹൃദ ടോയ്ലറ്റുകൾ നഗരപ്രദേശങ്ങളിലടക്കം പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഗേൾ ഫ്രെണ്ട്ലി ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് അംഗീകാരം നൽകി. 12. ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ഇക്കോ റസ്റ്റോറേഷൻ പദ്ധതി പ്രകാരം ഒരു ദ്രവ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
2013-14	1. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 2. പൊതു പ്ലാന്റുകളുടെ സ്ഥാപിക്കലും നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണത്തിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 3. പൊതുയിടങ്ങളിൽ വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനം സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 4. മഴക്കാല പൂർവ്വ ശുചീകരണത്തിന് സഹായം. 5. ആധുനിക അറവുശാലകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 6. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. 7. സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തിക സഹായവും. 8. നിർമ്മൽ ഭാരത് അഭിയാൻ (നിലവിൽ സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ പദ്ധതി പ്രകാരം സാനിട്ടേഷൻ മാലിന്യ സംസ്കരണ സഹായം.
2014-15	1. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 2. പൊതു പ്ലാന്റുകളുടെ സ്ഥാപിക്കലും നിലവിലുള്ള പ്രോജക്ടുകളുടെ നവീകരണത്തിന് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 3. പൊതുയിടങ്ങളിൽ വികേന്ദ്രീകൃത മാലിന്യ പരിപാലന സംവിധാനം സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 4. മഴക്കാല പൂർവ്വ ശുചീകരണത്തിന് സഹായം. 5. ആധുനിക അറവുശാലകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും. 6. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. 7. സ്ഥാപനങ്ങളിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തിക സഹായവും. 8. നിർമ്മൽ ഭാരത് അഭിയാൻ (നിലവിൽ സ്വച്ഛ് ഭാരത് മിഷൻ) (ഗ്രാമീൺ) പദ്ധതി പ്രകാരം സാനിട്ടേഷൻ മാലിന്യ സംസ്കരണ സഹായം.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ വർഷവും നീക്കിവച്ച തുക, ലഭ്യമായ കേന്ദ്ര സഹായം സംബന്ധിച്ച വിവരം (തുക ലക്ഷത്തിൽ)

വർഷം	നീക്കിവച്ച പ്ലാൻ ഫണ്ട്	ലഭ്യമായ കേന്ദ്രസഹായം
2011-12	5544.00	158.89
2012-13	17666.00	...
2013-14	5185.00	4301.20
2014-15	4498.00	3397.23

(ബി) വിദേശ സഹായങ്ങളോ മറ്റു സഹായങ്ങളോ ലഭിച്ചിട്ടില്ല. മാലിന്യ മുക്ത കേരളത്തിനായി ഓരോ വർഷവും ചെലവാക്കിയ തുക വിവരം ചുവടെ പട്ടികപ്പെടുത്തുന്നു :

വർഷം	ചെലവാക്കിയ തുക (ലക്ഷത്തിൽ)	
	പ്ലാൻ ഫണ്ട്	കേന്ദ്രസഹായം (മുൻ നീക്കിയിരിപ്പ് സഹിതം)
2011-12	5410.00	987.89
2012-13	4923.00	951.51
2013-14	1462.66	2510.83
2014-15	1650.80	3951.69

ഇൻഫർമേഷൻ കേരള മിഷന് അംഗത്വഫീസും വരിസംഖ്യയും നൽകുന്നതു സംബന്ധിച്ച്

170 (5523) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് അംഗത്വ ഫീസും വരിസംഖ്യയും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

(ബി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത് - 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി -10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും വാർഷിക വരിസംഖ്യ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും ഒരു രൂപ എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത്

LIBRARY ARCHIVES Kerala Legislative Assembly